# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3068.** **19-06-2018 ൽ മറുപടിയ്ക്ക്**

## നെല്ലിന്റെ സംഭരണവില

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലിന്റെ നിലവിലെ സംഭരണവില എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | നെല്ലിന്റെ നിലവിലെ സംഭരണവില 23.30 രൂപയാണ്. |
| (ബി) | താങ്ങുവില, സംഭരണത്തിലെ അപാകം, വില കിട്ടുന്നതിലെ കാലതാമസം എന്നിവ മൂലം നെൽകർഷകർ നേരിടുന്ന പ്രതിസന്ധി കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | താങ്ങുവില, സംഭരണത്തിലെ അപാകത, വില കിട്ടുന്നതിലെ കാലതാമസം എന്നിവ മൂലം പറയത്തക്ക പ്രതിസന്ധികൾ നിലവിലില്ല. മില്ലുടമകളുടെ ചില നടപടികൾ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ അപ്പപ്പോൾ ഇടപെട്ട് പ്രശ്ന പരിഹാരം ഉണ്ടാക്കുന്നുണ്ട്. |
| (സി) | ഒന്നാംവിളയ്ക്കും, രണ്ടാംവിളയ്ക്കും മെച്ചപ്പെട്ട ധനസഹായം നെൽകർഷകർക്ക് മുൻകൂട്ടി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം വിവിധ പദ്ധതി ഘടകങ്ങൾക്കായി ചുവടെ പറയുന്ന നിരക്കുകളിൽ ആനുകൂല്യം നൽകിവരുന്നു. |

| പദ്ധതി | രൂപ (ഹെക്ടറിന്) |
|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 5500/- |
| കരനെൽകൃഷി | 13,600/- |
| തരിശുനില കൃഷി (ഒന്നാം വർഷം) | 30,000/- |
| തരിശുനില കൃഷി (രണ്ടാം വർഷം) | 7,000/- |

| | |
|---|---|
| തരിശുനില കൃഷി (മൂന്നാം വർഷം) | 4,500/- |
| ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനുള്ള ധനസഹായം | 10,000/- |
| സവിശേഷ നെല്ലിനങ്ങളുടെ കൃഷി | 10,000/- |
| ഗ്രൂപ്പ് ഫാമിങ് നടപ്പാക്കുന്നതിന് പാടശേഖരങ്ങൾക്കുള്ള പ്രവർത്തന സഹായം | 360/- (ഒരു പാടശേഖരത്തിന് പരമാവധി 50,000/- രൂപ) |

നെൽകൃഷിയ്ക്കുള്ള ആനുകൂല്യങ്ങൾ നെൽകൃഷി വികസന പദ്ധതിയുടെ വിവിധ പദ്ധതി ഘടകങ്ങൾ പ്രകാരമാണ് നൽകിവരുന്നത്. സുസ്ഥിര നെൽകൃഷി വികസനം എന്ന പദ്ധതി ഘടകം ഉല്പാദനോപാധികൾക്കുള്ള സബ്സിഡിയാണ് നൽകുന്നത്. ആയത് പാടശേഖര സമിതി തലത്തിൽ ഇൻവോയ്സ് പ്രകാരം മുൻകൂറായി നൽകാൻ സാധിക്കും. തരിശുനിലത്തിൽ നെൽകൃഷി ചെയ്യുന്നതിനുള്ള സബ്സിഡി കൂലിച്ചെലവിനും ഉല്പാദനോപാധികൾക്കുമാണ്. നിലമൊരുക്കൽ കാർഷിക കർമ്മസേനയുടെയോ അഗ്രൊസർവ്വീസ് സെന്ററിന്റെയോ സഹായത്തോടെ ചെയ്യുന്നപക്ഷം പ്രസ്തുത ആനുകൂല്യം സ്ഥാപനത്തിന് നൽകിക്കൊണ്ട് കർഷകന് കാർഷിക പ്രവർത്തനം സൗജന്യമായി ചെയ്തുകൊടുത്തു കൊണ്ട് പ്രസ്തുത ആനുകൂല്യത്തിന്റെ ഗുണം മുൻകൂട്ടി നൽകാൻ കഴിയും. മറ്റെല്ലാ സാഹചര്യത്തിലും ധനസഹായം പ്രവർത്തനത്തിനുശേഷം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി. (Direct Beneficiary Transfer) മുഖേനയാണ് നൽകിവരുന്നത്.

**സെക്ഷൻ ഓഫീസർ**